(സി) അഡീഷണൽ ഡിപ്പോസിറ്റ് ആയി ഇത്രയും തുക നൽകേണ്ടിവന്നാൽ ഈ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടിവരുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രി-92 താരിഫ് വ്യവസ്ഥയിൽ പ്രവർത്തനമാരംഭിച്ച ഐസ് പ്ലാന്റുകളിൽ പലതും 2002 ആയതോടെ അന്ന് നിലവിലുള്ള കറണ്ട് ചാർജ്ജ് അടയ്ക്കേണ്ടതായി വന്നു. അതിന് ആനുപാതികമായി അഡീഷണൽ ക്യാഷ് ഡിപ്പോസിറ്റും അടയ്ക്കണമായിരുന്നു. എന്നാൽ 2002-ൽ നോട്ടീസ് നൽകിയെങ്കിലും കോടതിയുടെ സ്റ്റേ ഉത്തരവനുസരിച്ച് 30% മാത്രമേ അടച്ചിട്ടുള്ളൂ. സ്റ്റേ മാറിയപ്പോൾ പിന്നീടുണ്ടായ താരിഫ് വർദ്ധനവിനനുസരിച്ച് ഐസ് പ്ലാന്റുകൾ അടയ്ക്കേണ്ടതായ അഡീഷണൽ ക്യാഷ് ഡിപ്പോസിറ്റ് തുക 60,000 രൂപ മുതൽ 2,86,000 രൂപ വരെ ആയിട്ടുണ്ട്.

(സി & ഡി) ഉപഭോക്താക്കളുടെ സൗകര്യാർത്ഥം തവണ വ്യവസ്ഥ നൽകിയിട്ടുണ്ട്.

തിരുവമ്പാടി മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

159 [3564] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വിദ്യുച്ഛക്തി എത്തിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ 2001 ജൂൺ മുതൽ 2003 ഡിസംബർ വരെ ഏതൊക്കെ പ്രവർത്തികൾ നടപ്പിലാക്കി;

(സി) നിലവിൽ പ്രവർത്തി നടന്നുവരുന്ന പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ;

(ഡി) അവികസിത-മലയോര-കുടിയേറ്റ മേഖല എന്നത് കണക്കിലെടുത്ത് മിനിമം ഗ്യാരണ്ടിയിൽ എഗ്രിമെന്റ് വെച്ച് പ്രവർത്തികൾക്ക് ഒ. റ്റി. പി. അനുവദിക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. പുതുക്കോട് ഭാഗം ലൈൻ എക്സ്റ്റൻഷൻ വർക്ക്.

2. കൊളക്കാട്ട് പാറ ഭാഗം ലൈൻ എക്സ്റ്റൻഷൻ വർക്ക്.

3. പന്നിയൂർക്കുന്ന് ഭാഗം ലൈൻ എക്സ്റ്റൻഷൻ വർക്ക്.

4. മാട്ടുമുറി കോളനി വൈദ്യുതീകരണം.

5. പെരുതൊടി വയലുംതല നാൽപതിൽ ഭാഗം വൈദ്യുതീകരണം.

മേൽപ്പറഞ്ഞ വർക്കുകൾ സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് മൂന്ന് മാസം കൊണ്ട് പൂർത്തീകരിക്കാൻ കഴിയും.

(ഡി) നിലവിൽ നിയമമില്ല.

കട്ടപ്പന വൈദ്യുത ഡിവിഷണൽ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക

160 [3565] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ കട്ടപ്പന വൈദ്യുത ഡിവിഷണൽ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക പുതുക്കി കിട്ടുന്നതിന് ശ്രീ. പി. എൻ. ഗോപാലകൃഷ്ണൻ എന്നയാൾ അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയത്;

(ബി) ഈ അപേക്ഷയിൻമേൽ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ വാടക 3 വർഷത്തിലൊരിക്കൽ പുതുക്കേണ്ടത് പുതുക്കി നൽകാത്തതിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ വാടക പുതുക്കി നൽകുന്നതിന് അടിയന്തിരമായി നിർദ്ദേശം നൽകുമോ;

(ഇ) വാടക പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 25-2-2002-ൽ.

(ബി & സി) പി. ഡബ്ല്യു. ഡി. നിരക്കാണ് കെ. എസ്. ഇ. ബി.-യിൽ നിലവിലുള്ളത്. അതുപ്രകാരം വാടകയിനത്തിൽ നൽകാവുന്ന ഏറ്റവും കൂടിയ തുക 9366 രൂപയാണ്. എന്നാൽ കെട്ടിട ഉടമ 10,500 രൂപയിൽ കുറഞ്ഞ കെട്ടിടം നൽകാൻ തയ്യാറായിരുന്നില്ല. ഈ സാഹചര്യത്തിൽ ഡിവിഷൻ ഓഫീസ് ബോർഡ് വക കെട്ടിടത്തിലേക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ബോർഡ് വക കെട്ടിടത്തിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly